**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2254** **01-09-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ അംഗൻവാടിയുടെ നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് 5 ലക്ഷം രൂപയും പഞ്ചായത്ത് വിഹിതമായി 5 ലക്ഷം രൂപയും സാമൂഹ്യനീതി വകുപ്പിൽ നിന്ന് 2 ലക്ഷം രൂപയും വകയിരുത്തി നിർമാണം ആരംഭിച്ച വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിലെ 6-ാം നമ്പർ അംഗൻവാടി കെട്ടിടത്തിന്റെ നിർമാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | നിലവിൽ അംഗൻവാടി കെട്ടിട നിർമ്മാണം പ്ലാസ്റ്ററിംഗ് പൂർത്തിയായ ഘട്ടത്തിൽ ആണ്. |
| (ബി) | നിർമാണ പ്രവർത്തനത്തിന് പഞ്ചായത്ത് ഷെയറായി സംസ്ഥാന തൊഴിലുറപ്പ് മിഷനിൽ തുക അടവാക്കി പണി ആരംഭിച്ചതിനെത്തുടർന്ന് പഞ്ചായത്ത് നൽകിയ ഫണ്ട് റിക്വസ്റ്റ് അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട തുകയായ 2,48,850/- രൂപ സംസ്ഥാന തൊഴിലുറപ്പ് മിഷൻ ഡയറക്ടർ അനുവദിച്ചിട്ടുണ്ട്. |
| (സി) | കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് നിർമാണ പ്രവൃത്തികൾ പൂർത്തികരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട തുകയായ 2,48,850/- രൂപ സംസ്ഥാന തൊഴിലുറപ്പ് മിഷൻ ഡയറക്ടർ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ